ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11-12-2025** **TIME : 12.50 AM**

## പ്രധാന വാർത്തകൾ

1. തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ട വോട്ടെടുപ്പ് സംസ്ഥാനത്ത് പുരോഗമിക്കുന്നു. ഏഴ് ജില്ലകളിൽ പോളിങ്ങ് നിരക്ക് 44.9 ശതമാനം. വോട്ടെടുപ്പ് പൊതുവേ സമാധാനപരം.

   **The second phase of local body elections is underway in the state. Voter turnout across seven districts is 44.31%. Polling has been largely peaceful.**

2. രാഷ്ട്രപതി ദ്രൗപദി മുർമു രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് മണിപ്പൂരിലെത്തും.

   **President Droupadi Murmu to be on a two-day visit to Manipur beginning today.**

3. പാർലമെന്റിന്റെ ഇരു സഭകളിലും നടപടികൾ പുരോഗമിക്കുന്നു. തിരഞ്ഞെടുപ്പ് പരിഷ്കരണം സംബന്ധിച്ച ചർച്ചകൾ രാജ്യസഭയിൽ ഇന്നാരംഭിക്കും.

   **Proceedings are ongoing in both Houses of Parliament. Discussions on electoral reforms will begin in Rajya Sabha today.**

4. കേരളത്തിലെ ഡിജിറ്റൽ, സാങ്കേതിക സർവകലാശാല വി സി നിയമനത്തിൽ സുപ്രധാന നീക്കവുമായി സുപ്രീം കോടതി. വിസി മാരെ കോടതി നേരിട്ട് നിയമിക്കും.

   **Supreme Court Asks J Dhulia Committee To Recommend One Name Each For 2 Kerala University VC posts.**

5. മുപ്പതാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കം. ഡെലിഗേറ്റ് പാസ്സ് വിതരണം ആരംഭിച്ചു.

   **The 30th International Film Festival of Kerala will begin in Thiruvananthapuram tomorrow. Delegate pass distribution has started.**

6. ഇന്ത്യ ദക്ഷിണാഫ്രിക്ക ടി-ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.

   **In men's cricket, second T20 between India and South Africa to be played in New Chandigarh this evening.**

*************************

## LSG POLL

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ട വോട്ടെടുപ്പ് പുരോഗമിക്കുന്നു. 7 ജില്ലകളിൽ, 44.9 ശതമാനം പോളിങ്ങാണ് ഇതുവരെ രേഖപ്പെടുത്തിയിരിക്കുന്നത്. മികച്ച ജനപങ്കാളിത്തമാണ് രാവിലെ മുതൽ ദൃശ്യമാകുന്നത്. തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ 604 തദ്ദേശ സ്ഥാപനങ്ങളിലായി 12,391 വാർഡുകളിലാണ് തിരഞ്ഞെടുപ്പ്. വോട്ടെടുപ്പ് പൊതുവേ സമാധാനപരമാണ്. രാവിലെ ഏഴു മണിക്ക് ആരംഭിച്ച വോട്ടെടുപ്പ് വൈകിട്ട് ആറു മണി വരെ തുടരും.

*************************

## POLLING PERCENTAGE – DISTRICTS

നിലവിൽ തൃശൂർ ജില്ലയിൽ 43.81 ശതമാനവും, പാലക്കാട് 45.35-ഉം, മലപ്പുറത്ത് 46.68 ഉം ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കോഴിക്കോട് പോളിങ്ങ് ശതമാനം 45.36ഉം, വയനാട്, 43.85 ഉം ആണ്. കണ്ണൂരിൽ 43.38 ഉം കാസർകോട് 43.45 ഉം ശതമാനം ആണ് ഇതുവരെയുള്ള പോളിങ്ങ്. കോഴിക്കോട് കോർപ്പറേഷനിൽ 38.27 ഉം, കണ്ണൂർ കോർപ്പറേഷനിൽ

36.23 ഉം, തൃശൂരിൽ 35.87 ഉം ശതമാനം പോളിങ്ങ് ഇതുവരെ രേഖപ്പെടുത്തി. മലപ്പുറം ജില്ലയിലാണ് നിലവിൽ ഏറ്റവും കൂടുതൽ പോളിങ്ങ് രേഖപ്പെടുത്തിയിരിക്കുന്നത്.മൂന്ന് കോർപ്പറേഷനുകൾക്ക് പുറമേ 47 മുനിസിപ്പാലിറ്റികളും, 470 ഗ്രാമപഞ്ചായത്തുകളും, 77 ബ്ലോക്ക് പഞ്ചായത്തുകളും, 7 ജില്ലാ പഞ്ചായത്തുകളുമാണ് രണ്ടാംഘട്ട വോട്ടെടുപ്പിൽ ഉൾപ്പെടുന്നത്. ആലപ്പുഴ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് അഞ്ചാം വാർഡിലെ, ഒന്നാം ബൂത്തായ മണ്ണഞ്ചേരി ഗവണ്മെന്റ് ഹൈസ്കൂളിലെ റീപോളും പുരോഗമിക്കുകയാണ്. 9 ന് നടന്ന വോട്ടെടുപ്പ് വോട്ടിംഗ് മെഷീൻ തകരാറിനെ തുടർന്ന്, തിരഞ്ഞെടുപ്പ് കമ്മീഷൻ റദ്ദാക്കിയിരുന്നു.

*************************

## WAYANAD (INTRO)

വയനാട് ജില്ലയിൽ രാവിലെ മുതൽ വലിയ തോതിലുള്ള പങ്കാളിത്തമാണ് വോട്ടർമാരിൽ നിന്നുമുണ്ടാകുന്നത്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി അരുൺ വിൻസൻറ് തത്സമയം ചേരുന്നു...

അരുൺ, വയനാട്ടിലെ ആദിവാസി മേഖലകളിൽ നിന്നും മികച്ച പ്രതികരണമാണോ ലഭിക്കുന്നത്? മുണ്ടക്കൈ ഉരുൾപൊട്ടൽ ബാധിത മേഖലയിൽ വോട്ടെടുപ്പ് എങ്ങനെ പുരോഗമിക്കുന്നു?

(ഹോൾഡ്)

*************************

## PROMINENT VOTERS

മുഖ്യമന്ത്രി പിണറായി വിജയൻ, പിണറായി എടക്കടവ് ചേരിക്കൽ ജൂനിയർ ബേസിക് സ്കൂളിലെത്തി വോട്ട് രേഖപ്പെടുത്തി. സ്പീക്കർ എ എൻ ഷംസീർ തലശ്ശേരി പുന്നോൽ എയ്ഡഡ് എൽ പി സ്കൂളിലെ ബൂത്തിലാണ് വോട്ട് രേഖപ്പെടുത്തിയത്. കെപിസിസി അധ്യക്ഷൻ

സണ്ണി ജോസഫ് പായം സെന്റ് ജോൺസ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിൽ വോട്ട് ചെയ്തു. എം കെ.മുനീർ എം എൽ എ . വെസ്റ്റ് ഹിൽ സെൻ്റ് മൈക്കിൾ സ്കൂളിലാണ് വോട്ട് ചെയ്തത്. മുൻഗോവ ഗവർണർ പി എസ് ശ്രീധരൻ പിള്ള തിരുത്തിയാട് ഐ. എച്ച്. ആർ. ഡി-യിൽ വോട്ട് രേഖപ്പെടുത്തി. CBCI അധ്യക്ഷൻ ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, തൃശ്ശൂർ ലൂർദ് സ്കൂളിലാണ് വോട്ട് ചെയ്തത്. കഥാകൃത്ത് ടി പത്മനാഭൻ കണ്ണൂർ പൊടിക്കുണ്ട് രാമതെരു ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ബൂത്തിൽ വോട്ട് രേഖപ്പെടുത്തി. മന്ത്രി എം ബി രാജേഷ് പാലക്കാട്, കൈലിയാട് കെ.വി.യു പി സ്കൂളിലെത്തി വോട്ട് ചെയ്തു. മന്ത്രി. പി എ മുഹമ്മദ് റിയാസ് കോട്ടുളി സരസ്വതി വിദ്യാമന്ദിരം സ്കൂളിലാണ് വോട്ട് രേഖപ്പെടുത്തിയത്.

************************

## CANDIDATES

ആകെ 38,994 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. കാസർകോട് മംഗൽപാടി, മടിക്കൈ ഗ്രാമ പഞ്ചായത്തുകളിലെ ഓരോ വാർഡിലും, കണ്ണൂർ ആന്തൂർ മുനിസിപ്പാലിറ്റിയിലെ 5 വാർഡുകളിലും, കണ്ണാപുരം, മലപ്പട്ടം ഗ്രാമപഞ്ചായത്തുകളിലായി 9 വാർഡുകളിലും സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടതിനാൽ ഈ വാർഡുകളിലേക്ക് വോട്ടെടുപ്പില്ല. മലപ്പുറം മൂത്തേടം പഞ്ചായത്തിലെ പായിമ്പാടം ഏഴാം വാർഡിലെ സ്ഥാനാർത്ഥി മരണപ്പെട്ടതിനാൽ ആ വാർഡിലെ വോട്ടെടുപ്പും മാറ്റിവച്ചിരിക്കുകയാണ്.

************************

## BEE ATTACK

തൃശ്ശൂർ വലക്കാവ് എൽ പി സ്കൂളിലെ പോളിംഗ് സ്റ്റേഷനിൽ വോട്ട് ചെയ്ത് മടങ്ങാൻ നിന്നവർക്ക് നേരെ തേനീച്ച ആക്രമണം. നിരവധി

പേർക്ക് പരിക്കേറ്റു. പരിക്കേറ്റ 8 ഓളം പേരെ നടത്തറയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു..

*************************

## KASARGOD (INTRO)

കാസർഗോഡ് ജില്ലയിലെ പോളിങ്ങ് ബൂത്തുകളിൽ രാവിലെ മുതൽ വലിയ തോതിലുള്ള ജനത്തിരക്കാണ് അനുഭവപ്പെടുന്നത്. കാസർഗോഡ്, കാഞ്ഞങ്ങാട്, നീലേശ്വരം നഗരസഭകളിൽ പോളിങ്ങ് 38 ശതമാനത്തിന് മുകളിലെത്തി. നീലേശ്വരത്ത് 47 ശതമാനത്തിനടുത്താണ് പോളിംഗ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി പി. ജഗന്നിവാസൻ തത്സമയം ചേരുന്നു---

കാസർഗോഡ് ജില്ലയിൽ തിരഞ്ഞെടുപ്പ് എങ്ങനെ പുരോഗമിക്കുന്നു? ഗ്രാമീണ മേഖലയിലടക്കം മികച്ച പ്രതികരണമാണോ ലഭിക്കുന്നത്?

(ഹോൾഡ്)

*************************

## DEATH – VOTER

കണ്ണൂർ മോറാഴ സൗത്ത് എൽ പി സ്കൂളിൽ വോട്ടു ചെയ്യാൻ എത്തിയ യുവാവ് കുഴഞ്ഞു വീണ് മരിച്ചു. മോറാഴ സ്വദേശി കെ പി സുധീഷ് ആണ് മരിച്ചത്.

*************************

## POLLING BOOTH

18,274 പോളിങ്ങ് ബൂത്തുകളാണ് രണ്ടാംഘട്ട വോട്ടെടുപ്പിനായി ക്രമീകരിച്ചിരിക്കുന്നത്. ഇതിൽ 2,055 എണ്ണം പ്രശ്നബാധിത ബൂത്തുകളാണ്. കർശന നിരീക്ഷണത്തിലാണ് ഇവിടെ വോട്ടെടുപ്പ്

പുരോഗമിക്കുന്നത്. അതീവ സുരക്ഷാക്രമീകരണങ്ങളും വെബ്കാസ്റ്റിംഗ് സംവിധാനങ്ങളും അധിക പോലീസ് സുരക്ഷയും ഈ ബൂത്തുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ബൂത്തിനുള്ളിൽ അതിക്രമിച്ചു കയറുകയോ, കൂട്ടംകൂടി നിന്ന് തിരഞ്ഞെടുപ്പിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കുകയോ ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. മറ്റന്നാളാണ് വോട്ടെണ്ണൽ. സംസ്ഥാനത്തെ 244 കേന്ദ്രങ്ങളിൽ ശനിയാഴ്ച രാവിലെ 8 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

************************

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

************************

## PRESIDENT MANIPUR

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ രണ്ട് ദിവസത്തെ മണിപ്പൂർ സന്ദർശനത്തിന് ഇന്ന് തുടക്കം. ഇംഫാലിലെത്തുന്ന രാഷ്ട്രപതിയെ ഗാർഡ് ഓഫ് ഓണർ നൽകി സ്വീകരിക്കും. മണിപ്പൂർ സർക്കാർ നൽകുന്ന പൗര സ്വീകരണത്തിൽ ശ്രീമതി മുർമു പങ്കെടുക്കും. വിവിധ വികസന പദ്ധതികൾക്കും രാഷ്ട്രപതി തുടക്കം കുറിക്കും.

************************

## PARLIAMENT

പാർലമെന്റിന്റെ ഇരു സഭകളിലും നടപടികൾ പുരോഗമിക്കുന്നു. ദേശീയ ഗീതമായ വന്ദേമാതരത്തിൻറെ 150-ാം വാർഷികവുമായി ബന്ധപ്പെട്ട ചർച്ചകൾ രാജ്യസഭയിൽ ഇന്നും തുടരും. കേന്ദ്രമന്ത്രി ജെ.പി നഡ്ഡ ചർച്ചയ്ക്ക് മറുപടി നൽകും. വന്ദേമാതരം സംബന്ധിച്ച

ചർച്ചകൾക്ക് ശേഷം രാജ്യസഭയിൽ തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ചുള്ള ചർച്ച ആരംഭിക്കും.

************************

## UNIVERSITY – VC APPOINTMENT

കേരളത്തിൽ ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലെ വി സി നിയമനത്തിൽ സുപ്രധാന നീക്കവുമായി സുപ്രീം കോടതി. വിസി മാരെ സുപ്രീംകോടതി നിയമിക്കും. മുദ്ര വച്ച കവറിൽ പേരുകൾ നൽകാൻ ജസ്റ്റിസ് ദുലിയ കമ്മിറ്റിക്ക് കോടതി നിർദേശം നൽകി. മുഖ്യമന്ത്രിയുടെ കത്തും, ഗവർണറുടെ മറുപടിയും പരിശോധിച്ച ശേഷം സമിതി ബുധനാഴ്ചയ്ക്കകം കോടതിക്ക് റിപ്പോർട്ട് സമർപ്പിക്കണം. കേസ് സുപ്രീംകോടതി വ്യാഴാഴ്ച വീണ്ടും പരിഗണിക്കും.

************************

## IFFK – PASS DISTRIBUTION

മുപ്പതാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ ഡെലിഗേറ്റ് പാസ്സ് വിതരണം ആരംഭിച്ചു. ടാഗോർ തിയേറ്ററിൽ നടന്ന ചടങ്ങിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ ദിവ്യ എസ് അയ്യർ ചലച്ചിത്ര താരം ലിജോമോൾ ജോസിന് ഡെലിഗേറ്റ് കിറ്റ് നൽകി പാസ്സ് വിതരണം ഉദ്ഘാടനം ചെയ്തു.

************************

## CRICKET – IND SA T20

ഇന്ത്യ ദക്ഷിണാഫ്രിക്ക ടി-ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. ന്യൂ ചണ്ഡീഗഡ് സ്റ്റേഡിയത്തിൽ രാത്രി 7 മണിക്ക് മത്സരം ആരംഭിക്കും. ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്കയെ തകർത്ത വൻ വിജയത്തിന്റെ ആത്മവിശ്വാസത്തിലാണ് സൂര്യകുമാർ യാദവിന്റെ നേതൃത്വത്തിലുള്ള ടീം ഇന്ത്യ ഇന്ന് കളിക്കളത്തിലിറങ്ങുന്നത്.

*************************

## NHAI – KERALA

കൊല്ലത്ത് നിർമാണത്തിനിടെ ദേശീയ പാത ഇടിഞ്ഞുതാഴ്ന്ന സംഭവത്തിൽ കർശന നടപടി സ്വീകരിച്ച് ദേശീയ പാത അതോറിറ്റി. ഈ മാസം അഞ്ചിന് കൊട്ടിയത്തിനടുത്ത് മൈലക്കാട് ദേശീയ പാത 66-ൽ അപകടമുണ്ടായതിൻറെ അടിസ്ഥാനത്തിലാണ് നടപടി. കരാറുകാരായ ശിവാലയ കമ്പനിയെയും , ഫീഡ്ബാക്ക്-സത്രയെയും ഭാവിപദ്ധതികൾക്കുള്ള ലേലത്തിൽ നിന്നു താൽക്കാലികമായി സസ്പെൻഡ് ചെയ്തു. ശിവാലയക്കു മൂന്ന് വർഷം വരെയും ഫീഡ്ബാക്ക്-സത്രയ്ക്ക് രണ്ടുവർഷംവരെയും വിലക്ക് ഏർപ്പെടുത്തുമെന്ന മുന്നറിയിപ്പോടെ കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഈ സ്ഥാപനങ്ങൾക്കെതിരെ പിഴ ചുമത്തുന്നതിനുള്ള നടപടികളും ആരംഭിച്ചു.

*************************

## FACT CHECK – LABOUR CODES

കേന്ദ്ര സർക്കാർ കൊണ്ടുവന്ന നാല് തൊഴിൽ നിയമങ്ങൾ, ഫാക്ടറി തൊഴിലാളികളെ 12 മണിക്കൂർ ജോലി ചെയ്യാൻ നിർബന്ധിതരാക്കിയ ശേഷം 8 മണിക്കൂറിന്റെ വേതനം മാത്രം നൽകുമെന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ . തൊഴിലാളികളുടെ വിശ്രമസമയം ഫാക്ടറി ഉടമകൾക്ക് തീരുമാനിക്കാം എന്ന് വീഡിയോയിൽ പറയുന്നത് വാസ്തവ വിരുദ്ധമാണെന്നും പി ഐ ബി ഫാക്ട് ചെക്കിൽ വ്യക്തമാക്കി. അധികസമയം ജോലി ചെയ്യുന്നതിന് ഇരട്ടി വേതനം, ഓവർടൈം ചെയ്യുന്നതിന് തൊഴിലാളിയുടെ സമ്മതം തുടങ്ങിയവ പുതിയ തൊഴിൽ നിയമങ്ങളിൽ വ്യവസ്ഥ ചെയ്യുന്നതായി കേന്ദ്ര സർക്കാർ അറിയിച്ചു.

***************************************************************************************